## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3767 | 11.11.2019-ൽ മറുപടിക്ക്

## പി.എസ്.സി. പരീക്ഷാ തട്ടിപ്പ്കേസ്സ് പ്രതികൾക്ക് ജാമ്യം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.എം. സി. കമറുദ്ദീൻ<br>ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിവിധ ക്രിമിനൽ കേസ്സുകളിൽ പ്രതികളായി ജയിലുകളിൽ കഴിയുന്നവരുടെ കുറ്റപത്രം മനപ്പൂർവം താമസിച്ചു നൽകി കുറ്റവാളികൾക്ക് ജാമ്യം നേടാൻ പോലീസ് അവസരം ഒരുക്കി കൊടുക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പി.എസ്.സി. പരീക്ഷാത്തട്ടിപ്പ് കേസ്സിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിൽ പോലീസിന് ഉണ്ടായ വീഴ്ചയെത്തുടർന്ന് പ്രതികൾക്ക് ജാമ്യം ലഭിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) പി.എസ്.സി. പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് ക്രൈം ബ്രാഞ്ചിൽ അന്വേഷണത്തിലുള്ള ക്രൈം നം.429/CB/TVM/2019 എന്ന കേസിന്റെ അന്വേഷണം പൂർത്തിയാകാത്തതിനാലാണ് ഈ കേസിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിക്കാത്തത്. പ്രതികൾക്ക് ജാമ്യം ലഭിക്കാനിടയായതിൽ പോലീസിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ